M 8626

Reg. No.: ...............................

Name : ...............................

# II Semester B.A./B.Sc. Degree (CCSS – Supple./Improve.) Examination, May 2015
# COMMON COURSE IN MALAYALAM
## 2 A 08 MAL : സാഹിത്യവും സംസ്കാരവും
## (2012/2013 Admn.)

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം **1**. **(4×1=4 വെയിറ്റേജ്)**

1) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) കൊല്ലവർഷാരംഭത്തിൽ വട്ടെഴുത്തിനുണ്ടായ രൂപമാറ്റം ഏത് പേരിലാണ് അറിയപ്പെടുന്നത് ?

ബി) ഗ്രന്ഥലിപിയുടെ മറ്റൊരു പേരെന്ത് ?

സി) സന്താനഗോപാലം എഴുതിയതാര് ?

ഡി) മലയാളത്തിലെ ആദ്യ മഹാകാവ്യം ഏത് ?

2) "ആ മഹാരാക്ഷസരൂപം ഭൂമിയിൽ പതിച്ച് നിമിഷങ്ങൾക്കകം തേജസ്വിയായ ഒരു കുമാരനായി"

എ) ആരുടെ വാക്കുകൾ ?

ബി) ആരെക്കുറിച്ചാണ് പറയുന്നത് ?

സി) ആരോടാണ് പറയുന്നത് ?

ഡി) ഏത് കൃതിയിൽ നിന്ന് ?

3) താഴെപ്പറയുന്ന ഭൂപ്രകൃതിക്ക് സമാനമായ തിണകൾ ഏതെന്നെഴുതുക.

എ) കടലോരം

ബി) മലയും മലയോരപ്രദേശങ്ങളും

സി) മണൽക്കാടും കുറ്റിക്കാടും

ഡി) നാട്ടുപ്രദേശം

P.T.O.

4) താഴെപ്പറയുന്ന കൃതികൾ ആരാണെഴുതിയത് ?

എ) കുഞ്ഞേ മുലപ്പാൽ കുടിക്കരുത്

ബി) കാലിഫോർണിയയിലെ മരങ്ങൾ

സി) മൊട്ട

ഡി) കാടെവിടെ മക്കളേ

5) ''അച്ഛാച്ഛൻ പഴേ മനുഷ്യനല്ലേ മോനേ എന്തെല്ലാം അനുഭവിച്ച ആളാ ? നിങ്ങളായിറ്റ് ഒരു വെഷമോം ഉണ്ടാക്കറ്.''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടാണ് പറയുന്നത് ?

സി) 'അച്ഛാച്ഛ'ന്റെ പേരെന്ത് ?

ഡി) ഏത് കൃതിയിൽ നിന്ന് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക (വെയിറ്റേജ് **1**). **(4×1=4 വെയിറ്റേജ്)**

6) ആധുനിക പരിഷ്കാരത്തിന്റെ പ്രകൃതിവീക്ഷണത്തെക്കുറിച്ചെഴുതുക.

7) 'നിങ്ങളുടെ കുഞ്ഞിനെ സ്നേഹം കൊണ്ട് പൊതിയുക എന്നതിന്റെ വ്യാവസായിക അർത്ഥം നിങ്ങൾ നിങ്ങളുടെ കുഞ്ഞിനെ ഒരു പ്രത്യേക പേരുള്ള പൗഡർകൊണ്ട് പൊതിയുക എന്നാണ് ' – വിശദമാക്കുക.

8) തളി സംസ്ക്കാരത്തെക്കുറിച്ച് വിവരിക്കുക.

9) കേരളത്തിൽ പൊതുവേ കാണപ്പെടുന്ന ഭാഷാഭേദങ്ങൾ ഏവ ?

10) 'അന്യവൽക്കരണ സങ്കേതം' – ആണ്ടുബലി എന്ന നാടകത്തിൽ ഉപയോഗിച്ചിരിക്കുന്നതെങ്ങനെ ?

11) അലോകിന്റെ നൃത്തരംഗത്തിലൂടെ ശശിധരൻ സൂചിപ്പിക്കുന്ന ജീവിതാവസ്ഥ എന്ത് ?

III. **നൂററമ്പതു** വാക്കിൽ കവിയാതെ **ഏഴു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിനു ഉത്തരമെഴുതുക (വെയിറ്റേജ് **2**). **(5×2=10 വെയിറ്റേജ്)**

12) 'നെയ്ത്തുകാരനി'ലെ ബാഹുലേയൻ എന്ന കഥാപാത്രം അനുഭവപ്പെടുത്തുന്ന സാംസ്കാരിക പരിസരം വ്യക്തമാക്കുക.

13) 'മനുഷ്യനും പ്രകൃതിയും തമ്മിൽ അധീശത്വത്തിനു പകരം സർഗ്ഗാത്മകതയുടെ ബന്ധമാണ് വേണ്ടത്' – വിശദീകരിക്കുക.

14) 'പുറന്തിണകൾ' എന്തെന്ന് വിശദീകരിക്കുക.

15) മലയാളത്തിലെ അന്യഭാഷാസ്വാധീനത്തെക്കുറിച്ച് വിവരിക്കുക.

16) ''അസ്ത്രവിദ്യയിലഭ്യാസം, ശസ്ത്രവിദ്യയിലഗ്നി തുപ്പിപ്പായുന്നീ അണുവിസ്ഫോടനത്തിൽ ആണവക്കൊടി പാറുന്നു. കുടിലുകൾ വെന്തെരിയുന്നു. ആയുധങ്ങൾക്കവസാനം മരണമന്ത്രങ്ങൾ !'' – വിശദീകരിക്കുക.

17) വിവിധ പ്രദേശങ്ങളുമായി നിരന്തരം ബന്ധപ്പെടുന്ന ഒരു ഗ്രാമത്തിൽ സൃഷ്ടിക്കപ്പെടാവുന്ന ആശയ പ്രപഞ്ചമാണ് നമുക്കുള്ളത് – സമർത്ഥിക്കുക.

18) മാധ്യമങ്ങൾ നമ്മുടെ അനുഭവത്തെ മലിനമാക്കുന്നതെങ്ങനെ ? വിശദമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **4**). **(3×4=12 വെയിറ്റേജ്)**

19) 'ഭാഷയും സാഹിത്യവും' എന്ന ലേഖനത്തിലൂടെ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ലോകത്തേക്ക് ഒരു പ്രവേശകം ഒരുക്കുകയാണ് ശ്രീധരമേനോൻ ചെയ്തിട്ടുള്ളത് – പരിശോധിക്കുക.

20) 'ആണ്ടുബലി' എന്ന നാടകത്തിലൂടെ വാസുദേവൻ പിള്ള ആവിഷ്കരിക്കുന്ന ജീവിത ദർശനം വിശദീകരിക്കുക.

21) മലയാള സംസ്കാരത്തിന്റെ രൂപീകരണത്തെക്കുറിച്ച് ഡോ. കെ. എൻ. ഗണേഷ് അവതരിപ്പിക്കുന്ന ചിന്തകൾ വിശദീകരിക്കുക.

22) കേരള ചരിത്രത്തിന്റെ വൈരുദ്ധ്യങ്ങൾ ആവിഷ്കരിക്കുന്ന കൃതിയാണ് 'നെയ്ത്തുകാരൻ'. പരിശോധിക്കുക.

23) പരിസ്ഥിതി സൗന്ദര്യ ശാസ്ത്രത്തെക്കുറിച്ചുള്ള കെ. സി. നാരായണന്റെ കാഴ്ചപ്പാട് വിശദീകരിക്കുക.

---